(സി) പഞ്ചാബിൽ നിന്നും വാങ്ങിയ അരി ഇനിയും വിറ്റു തീർക്കാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ ബാക്കിയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തുമാത്രം ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഉണ്ട്.

(ബി) കണക്കുകൾക്ക് അന്തിമ രൂപം നൽകി കഴിഞ്ഞിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. കേശവൻ : സർ, 1982 മുതൽ 1985 വരെയുള്ള കാലയളവിൽ അരി വാങ്ങിയതിന്റെ കണക്കുകൾ ആണ് ഇവിടെ ചോദിച്ചിരിക്കുന്നത്. ഇതുവരെ കണക്കാക്കിയിട്ടില്ലെന്നു പറഞ്ഞത് വിശ്വസിക്കാൻ കഴിയുകയില്ല. അതുകൊണ്ട് വ്യക്തമായ കണക്ക് അടിയന്തിരമായി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. യു.എ. ബീരാൻ : സർ, കോർപ്പറേഷന്റെ കണക്കുകൾ ഓരോ കൊല്ലത്തേതും ആഡിറ്റ് ചെയ്തു പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവരെ മുഴുവൻ കഴിഞ്ഞിട്ടില്ല. ഒന്ന് രണ്ട് കൊല്ലത്തേത് ബാക്കിയുണ്ട്. അതുകൊണ്ട് അതിന്റെ മുഴുവൻ കണക്ക് കിട്ടിയിട്ടില്ല.

ശ്രീ. വി. കേശവൻ : സർ, ഈ കണക്ക് തയ്യാറാക്കിതരാതിരിക്കുന്നത് പഞ്ചാബിൽനിന്ന് അരി വാങ്ങിയ ഇനത്തിൽ വമ്പിച്ച വെട്ടിപ്പ് നടന്നിട്ടുള്ളതായി ധാരാളം റിപ്പോർട്ടുകൾ പത്രങ്ങളിൽ വരുകയും ആക്ഷേപങ്ങൾ ഉയരുകയും ചെയ്തതുകൊണ്ടല്ലേ ?

ശ്രീ. യു.എ. ബീരാൻ : സർ, അത്തരത്തിലുള്ള യാതൊരു വെട്ടിപ്പും ഈ സ്ഥാപനത്തിൽ നടന്നിട്ടില്ല, നഷ്ടം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കെ. എസ്. ഇ. ബി. ഓഫീസുകളുടെ പുനഃസംഘടന

* 221. [243] ശ്രീ. എ. ജോർജ് :
,, വി. വി. ജോസഫ് :
,, ടി. ജി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യുടെ സർക്കിൾ ഓഫീസുകൾ, ഡിവിഷനുകൾ, സെക്ഷനുകൾ എന്നിവ പുനഃസംഘടിപ്പിച്ച് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുനഃസംഘടനയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ, ബി) പൊതുവായ പുനഃസംഘടനയൊന്നും ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly